**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 174** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും മുൻകാലങ്ങളിൽ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകൾ എത്തിക്കുന്നതിലും വിതരണം ചെയ്യുന്നതിലും വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** മെഡിക്കൽ സർവീസ് കോർപറേഷൻ മുഖേന മരുന്ന് വാങ്ങിയത് വഴി കമ്പനികൾക്ക് കുടിശ്ശികയുണ്ടോ; ഇതുമൂലം കമ്പനികൾ മരുന്ന് ലഭ്യമാക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിവിധ മരുന്നു വിതരണ കമ്പനികൾക്ക് നാളിതു വരെ കുടിശ്ശിക തുക ഇനത്തിൽ 302.57കോടി രൂപ (മുന്നൂറ്റി രണ്ട് കോടി അൻപത്തിയേഴ് ലക്ഷം രൂപ) നൽകുവാനുണ്ട്.

കുടിശ്ശികയുടെ പേരിൽ കമ്പനികൾ മരുന്നു വിതരണം നടത്താത്ത സാഹചര്യം നിലവിലില്ല.

**(സി)** സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാരുണ്യ ഫാർമസികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;കൂടുതൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>**

പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള മരുന്നുകൾ ഏറ്റവും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സംസ്ഥാനത്ത് ഉടനീളം പ്രവർത്തിച്ചുവരുന്ന കാരുണ്യ ഫാർമസികളുടെ ലക്ഷ്യം. കാരുണ്യ ഫാർ മസികളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫാർമസി സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കൽ, അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. കൂടാതെ, പൊതുജനങ്ങളുടെ ആവശ്യകതയും പ്രാദേശിക സാഹചര്യങ്ങളും വിലയിരുത്തി കൂടുതൽ പ്രദേശങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ ലഭ്യമാക്കിയ നിർദ്ദേശം സർക്കാർ

| |
|---|
| പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**